"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കൊവിഡ് 19 വ്യാപനം തടയുന്നതിന് സംസ്ഥാനത്ത് ലോക്ക് ഡൗൺ ഏർപ്പെടുത്തിയ കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വികസന അതോറിറ്റികളുടേയും ഉടമസ്ഥതയിലുള്ളതും ലോക്ക് ഡൗൺ കാരണം തുറന്ന് പ്രവർത്തിക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങളുടെ വാടക ഇളവ് നൽകുന്നതിന് തീരുമാനമെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വികസന അതോറിറ്റികളെയും അനുവദിച്ചത് തുടർന്നും നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പ്

**സ.ഉ.(സാധാ) നം.1015/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/05/2021

---

പരാമർശം:- സ.ഉ. (സാധാ) നം.1278/2020/ത.സ്വ.ഭ.വ തീയതി 29/06/2020

<u>ഉത്തരവ്</u>

കൊവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട് ലോക്ക് ഡൗൺ ഏർപ്പെടുത്തിയത് മൂലം സംസ്ഥാനത്തൊട്ടാകെ മിക്ക സ്ഥാപനങ്ങളും തുറന്ന് പ്രവർത്തിക്കാൻ സാധിക്കാതിരുന്നതിനാൽ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ/ വികസന അതോറിറ്റികളുടെ ഉടമസ്ഥതയിലുള്ളതും ലോക്ക് ഡൗൺ കാരണം തുറക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് വാടക ഇളവ് നൽകുന്നതിന് നിബന്ധനകൾക്ക് വിധേയമായി, തീരുമാനം എടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വികസന അതോറിറ്റികളെയും അനുവദിച്ചുകൊണ്ട് പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) കൊവിഡ് 19 ന്റെ രണ്ടാം തരംഗം വ്യാപകമായ സാഹചര്യം പരിഗണിച്ച് പരാമർശത്തിലെ അതേ നിബന്ധനകൾക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ/ വികസന അതോറിറ്റികളുടെ ഉടമസ്ഥതയിലുള്ളതും ലോക്ക് ഡൗൺ കാരണം തുറക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് വാടക ഇളവ് നൽകുന്നതിന് തീരുമാനം എടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വികസന അതോറിറ്റികളെയും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
എല്ലാ വികസന അതോറിറ്റി സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ അക്കണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഡിഎ/ ഡിസി/ എഫ്എം/ആർഡി) വകുപ്പ്
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി2/154/2020/തസ്വഭവ).

ഉത്തരവിൻ പ്രകാരം

Bindu T

സെക്ഷൻ ഓഫീസർ

പകർപ്പ്:-
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്